പറമ്പിക്കുളം കരാർ സംബന്ധിച്ച് സുപ്രീം കോടതി കേസ്

23 (*23) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം കരാറിനെക്കുറിച്ച് സുപ്രീംകോടതിയിൽ കേസ് നൽകിയത് എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥ പ്രകാരം കരാർ ലംഘനം നടന്നാൽ പരാതി നൽകേണ്ടത് ഏതു സംവിധാനത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) കരാർ ലംഘനമുണ്ടായതിൽ ആർബിട്രേഷൻ ട്രൈബ്യൂണലിൽ പോകാതെ നേരിട്ട് സുപ്രീംകോടതിയിൽ പോയതിനു കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി</u>):

(എ) കേരളത്തിന് പി.എ.പി. കരാർ പ്രകാരം അർഹതപ്പെട്ട ജലം; പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് 2012-13 ജലവർഷത്തിൽ ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 30-1-2013-ൽ ചേർന്ന സർവ്വകക്ഷിയോഗത്തിലെ ധാരണയുടെയും ഈ വിഷയത്തിൽ ലഭിച്ച നിയമോപദേശത്തിന്റെയും വിദഗ്ധാഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കേരളം 16-4-2013-ൽ തമിഴ്നാടിനെതിരായി ബഹു.സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (O.S.No. 2/2013) അതിനുപുറമേ ഒരു ഇടക്കാല ഹർജിയും (I/2013) ഫയൽ ചെയ്യുകയുണ്ടായി. മേൽസൂചിപ്പിച്ച അസ്സൽ അന്യായത്തിലും ഇടക്കാല ഹർജിയിലും കേരളം സമർപ്പിച്ച ആവശ്യങ്ങളുടെ (Prayers) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* (അനുബന്ധം ഒന്ന്, (Prayers in O.S. 2/13) (അനുബന്ധം രണ്ട്) (Prayers in I.A.1/13)

(ബി) പി.എ.പി. കരാറിൽ; കരാർ ലംഘനങ്ങളുമായി (violation of agreement) ബന്ധപ്പെട്ട വിഷയങ്ങളും അതിനുള്ള പ്രതിവിധികളും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. എന്നാൽ കരാറിലെ ഖണ്ഡിക 5 (iv) (f) പ്രകാരം ഈ കരാറുമായി ബന്ധപ്പെട്ട് ഏതു സമയത്തും ഇരുകക്ഷികൾക്കുമിടയിൽ ഉയരുന്ന എല്ലാ തർക്കവും, സംശയവും, ഭിന്നതയും, ചോദ്യവും സംബന്ധിച്ച കാര്യങ്ങൾ ആർബിട്രേഷനുവേണ്ടിവിടാനുള്ള വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. (കരാറിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്) (അനുബന്ധം 3).

(സി) കരാർ ലംഘനവുമായി ബന്ധപ്പെട്ട് ഏത് തരത്തിലുള്ള നിയമ നടപടികളാണ് സ്വീകരിക്കേണ്ടത് എന്നതു സംബന്ധിച്ച് നിയമവിദഗ്ധരുമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിശദമായി ചർച്ച നടത്തിയിരുന്നു. സുപ്രീംകോടതി അഭിഭാഷകരുമായും മറ്റും നടത്തിയ പ്രാഥമിക ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശം ഈ വിഷയത്തിൽ നേരിട്ട് സുപ്രീംകോടതിയെ സമീപിക്കുന്നതിനായിരുന്നു കരാർ ലംഘനം സംബന്ധിച്ച് സുപ്രീംകോടതിയിൽ നേരിട്ട് ഹർജി സമർപ്പിക്കാവുന്നതാണെന്നുള്ള നിയമോപദേശം ലഭിച്ചതിനാലാണ് ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയെ സമീപിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചത്.

പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള ആശങ്കകളും

24 (*24) ശ്രീ. സി. എഫ്.തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് മലയോര ജനത നേരിടുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പശ്ചിമഘട്ടമേഖലയിൽ താമസിക്കുന്ന ജനതയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് മലയോര ജനതയുടെ പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച സത്വര നടപടികളും സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു:

കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശിപാർശകൾ അറിഞ്ഞപ്പോൾതന്നെ അതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനം എടുക്കരുതെന്ന് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു കൂടാതെ ആശ്രയപത്രികൾ 'ചുവപ്പുവിഭാഗത്തി' ലായതിനാൽ, പരിസ്ഥിതിലോല മേഖലകളിലെ ചുവപ്പുവിഭാഗ വ്യവസായ നിയന്ത്രണത്തിൽനിന്ന് ആശ്രയപത്രികളെ ഒഴിവാക്കണമെന്ന് ശിപാർശചെയ്തു.

രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്ത് അവരുടെ അഭിപ്രായം അറിഞ്ഞു. അതിനെത്തുടർന്ന്, റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് അഭിപ്രായം/ശുപാർശ സമർപ്പിക്കാനായി സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly